# CAREER Updates

# പത്രവൃത്താന്തം

**30.07.2024 (ചൊവ്വ)**



➪ 2024 ജൂലൈയിൽ ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ ഏത് ജില്ലയിലാണ്?

✔ വയനാട്

- 2024 ജൂലൈ 30-ന് മുണ്ടക്കൈയിലെ ചൂരൽമലയിൽ അപ്രതീക്ഷിതമായുണ്ടായ ഉരുൾപൊട്ടലിൽ നൂറിലധികം പേരാണ് മരണപ്പെട്ടത്. രക്ഷാപ്രവർത്തനം തുടരുന്ന സാഹചര്യത്തിൽ മരണസംഖ്യ ഇനിയും ഉയരും.
- മുണ്ടക്കൈ ദുരന്തത്തിൽ അനുശോചിച്ചു കൊണ്ട് ജൂലൈ 30, ജൂലൈ 31 എന്നീ തീയതികളിൽ സംസ്ഥാനമൊട്ടാകെ ദുഃഖാചരണം നടത്തും. ദേശീയപതാക താഴ്ത്തിക്കെട്ടുകയും സർക്കാരിന്റെ പൊതുപരിപാടികൾ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

➪ 2024 ജൂലൈയിൽ രാജ്യാന്തര ടെന്നീസിൽ നിന്നും വിരമിച്ച ഇന്ത്യൻ പുരുഷ താരം

✔ രോഹൻ ബൊപ്പണ്ണ

- പാരീസ് ഒളിമ്പിക്സിൽ പുരുഷ ഡബിൾസിൽ ബൊപ്പണ്ണ-ശ്രീറാം ബാലാജി സഖ്യം ഫ്രഞ്ച് സഖ്യമായ എഡോർഫ് റോജർ-മോൺഫിൽസ് സഖ്യത്തോട് പരാജയപ്പെട്ടതിനു പിന്നാലെയാണ് രോഹൻ ബൊപ്പണ്ണ വിരമിക്കൽ പ്രഖ്യാപനം നടത്തിയത്.
- 2002-ൽ ഇന്ത്യയ്ക്കായി അരങ്ങേറിയ രോഹൻ ബൊപ്പണ്ണ 26 എ.ടി.പി. കിരീടങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്. 2017-ലെ ഫ്രഞ്ച് ഓപ്പൺ മിക്സഡ് ഡബിൾസിലും 2024-ലെ ആസ്ട്രേലിയൻ ഓപ്പൺ പുരുഷ ഡബിൾസിലും കിരീടം നേടിയ താരമാണ് ഇദ്ദേഹം.

➪ ഓഹരിവിപണി നിയന്ത്രണ അതോറിറ്റിയായ സെബി ഉപഭോക്താക്കൾക്കുവേണ്ടി 2024 ജൂലൈയിൽ അവതരിപ്പിക്കപ്പെട്ട ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചാറ്റ് ബോട്ട്

✔ സേവ (സെബീസ് വിർചൽ അസിസ്റ്റന്റ്)

➪ 2024 ജൂലൈയിൽ വെനസ്വലേയുടെ പ്രസിഡന്റായി മൂന്നാം തവണയും അധികാരത്തിലെത്തിയത്

✔ നിക്കോളാസ് മഡുറോ

➪ 2024 ജൂലൈയിൽ അന്തരിച്ച വിഖ്യാത ഐറിഷ് സാഹിത്യകാരി

✔ എഡ്ന ഒ ബ്രയൻ

- 2018-ൽ പെൻ പുരസ്കാരം നേടിയ സാഹിത്യകാരിയാണ് എഡ്ന ഒ ബ്രയൻ.

➪ ഇന്ത്യയിലാദ്യമായി ആർട്ടിസ്റ്റിക് ഡാറ്റാ ബാങ്ക് പുറത്തിറക്കിയ സാംസ്കാരിക സ്ഥാപനം

✔ കേരള സംഗീതനാടക അക്കാദമി

➪ 2024 ജൂലൈയിൽ ലോക്മാന്യതിലക് ദേശീയ പുരസ്കാരത്തിന് അർഹയായത്

✔ സുധ മൂർത്തി

➪ ഫോർമുല വൺ ബെൽജിയം ഗ്രാൻപ്രീയിൽ ഒന്നാം സ്ഥാനം നേടിയ ജോർജ്ജ് റസലിനെ ഭാരക്കുറവ് മൂലം അയോഗ്യനാക്കിയതോടെ ബെൽജിയം ഗ്രാൻപ്രീ കിരീടം സ്വന്തമാക്കിയ താരം

✔ ലൂയിസ് ഹാമിൽട്ടൺ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999